പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.5999

04.11.2016-ൽ

മറുപടിക്ക്

# ബി. റ്റി. ആർ. പുരയിടം ആക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.സി. ജോർജ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | കോളത്തിൽ അങ്ങോളമിങ്ങോളം വർഷങ്ങളായി പുരയിടമായി കിടക്കുന്ന ചില സ്ഥലങ്ങൾ തെറ്റായ തരത്തിൽ വില്ലേജിലെ ബി. റ്റി. ആർ. നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ബി.റ്റി.ആർ എന്നത് ഭൂമി സംബന്ധിച്ച അടിസ്ഥാന സ്ഥിര രേഖയാണ്. ബി.റ്റി.ആർ തയ്യാറാക്കിയ സമയത്തെ ഭൂമിയുടെ അവസ്ഥയാണ് അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| (ബി) | ചില പ്രദേശങ്ങളിൽ ഇങ്ങനെയുള്ള ബി. റ്റി. ആർ. ന്റെ നിലമായുള്ള സ്ഥലത്തിലെ 2 ഉം 3 ഉം സൈഡുകളിൽ (അതിരുകളിൽ) വലുതും ചെറുതുമായ കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഈ കെട്ടിടങ്ങളുടെ നടുക്ക് കിടക്കുന്ന സ്ഥലം ബി. റ്റി. ആറിൽ. നിലമായി കാണുന്നത് മൂലം അനേകം ആൾക്കാർ കെട്ടിടം പണിയുന്നതിനും വീടു വയ്ക്കുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ച് ഇത് ക്രമവത്ക്കരിച്ച് ബി. റ്റി. ആർ. ൽ 'പുരയിടം' ആക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ; | (ബി) ബി.റ്റി.ആർ-ൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്നു കൊണ്ട് മാത്രം വീട് വയ്ക്കുവാൻ ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബി.റ്റി.ആർ-ൽ നിലമായി രേഖപ്പെടുത്തിയിരിക്കുന്ന ഭൂമിയിൽ നിയമാനുസൃത അനുമതിയോടു കൂടി വീട് വയ്ക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബി.റ്റി.ആർ-ലെ ഇനം/തരം മാറ്റുവാനുള്ള അധികാരം ഒ രു നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടില്ല. |
| (സി) | റി സർവ്വേ നടക്കാത്ത പല വില്ലേജുകളിലാണ് ഇത് കൂടുതൽ കാണുന്നതെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; | (സി) ബാധകമല്ല |
| (ഡി) | ഇങ്ങനെയുള്ള സ്ഥലങ്ങളുടെ പഴക്കവും, കിടപ്പും, ചുറ്റുപാടുകളും നോക്കി നിലമെന്ന് തെറ്റായി ബി. റ്റി. ആർ. ൽ ഉള്ളത് നിയമാനുസൃതം പുരയിടം ആക്കി നല്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) തെറ്റായി ബി.റ്റി.ആർ-ൽ നിലമായി ഉൾപ്പെടുത്തിയെന്ന് പറയാൻ സാധിക്കുകയില്ല. ബി.റ്റി.ആർ തയ്യാറാക്കുന്ന സമയത്തെ അവസ്ഥയാണ് ബി.റ്റി.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ